**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 194** — **04-10-2016-ൽ മറുപടിയ്ക്ക്**

## കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.സി. കെ. ശശീന്ദ്രൻ :**<br>**ശ്രീ. പി.ടി.എ. റഹീം :**<br>**ശ്രീ.രാജു എബ്രഹാം :**<br>**ശ്രീ. എം. സ്വരാജ് :** | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി വൈദ്യുതി ലഭിക്കാത്തവരുടെ പട്ടിക തയ്യാറാക്കാനും ലൈൻ സ്ഥാപിക്കാനുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) & (സി) ഉണ്ട്. വൈദ്യുതി ലഭിക്കാത്ത ഭവനങ്ങൾ കണ്ടെത്തി ഗുണഭോക്താക്കളുടെ കരട് പട്ടിക 09.9.2016 ന് അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ പ്രസിദ്ധീകരിക്കുകയും ടി പട്ടികയിലുള്ള പിഴവുകൾ തിരുത്തിയതിനു ശേഷമുള്ള അന്തിമ പട്ടിക 24.9.2016 ന് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. അന്തിമ പട്ടിക പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി വൈദ്യുതി വിതരണ ശൃംഖല വികസിപ്പിക്കേണ്ടതുണ്ട്. ഇതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സെപ്തംബർ അവസാനത്തോടു കൂടി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പൂർത്തീകരിക്കുന്നതാണ്. ടി എസ്റ്റിമേറ്റുകൾ പൂർത്തിയാക്കി പ്രവൃത്തികൾക്കുള്ള ഫണ്ടുകൾ കണ്ടെത്തിയതിനു ശേഷം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലേയ്ക്കും വൈദ്യുതി വിതരണ ശൃംഖല വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | |
| (ഡി) വൈദ്യുതി ലഭിക്കുന്നതിനു വേണ്ടി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (ഡി) ലഘൂകരിച്ച ഒരു രജിസ്ട്രേഷൻ ഫോറം ഉപയോഗിച്ച് ഉദ്യോഗസ്ഥർ നേരിട്ടും ജനപ്രതിനിധികൾ മുഖേനയും ഗുണഭോക്താക്കളെ കണ്ടെത്തിയിരുന്നു. ടി ഫോറം |

ബോർഡിന്റെ വെബ് സൈറ്റിലും പ്രസിദ്ധീകരിച്ചിരുന്നു. ഇത് കൂടാതെ 9496018640 എന്ന നമ്പറിലേക്ക് മിസ്ഡ് കോൾ വഴി ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സംവിധാനവും കെ എസ് ഇ ബി ഏർപ്പെടുത്തിയിരുന്നു. ടി നമ്പറിലേക്ക് മിസ്ഡ് കോളുകൾ ലഭിക്കുന്ന പക്ഷം Centralised Customer Call Center ലെ ഓപ്പറേറ്റർ ബന്ധപ്പെട്ട നമ്പറിലേക്ക് തിരിച്ചു വിളിക്കുകയും ഉപഭോക്താവിന്റെ വിവരങ്ങൾ ശേഖരിച്ച് അതാത് ഫീൽഡ് ഓഫീസിലേക്ക് കൈമാറുകയും ചെയ്യുന്ന സംവിധാനമാണ് ഏർപ്പെടുത്തിയിരുന്നത്. ഇതിനു പുറമേ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ അതായത് പട്ടിക ജാതി പട്ടിക വർഗ്ഗ വികസനം & തദ്ദേശ സ്വയം ഭരണ വകുപ്പുകളുടെ കൈവശം നിലവിലുള്ള വിവരങ്ങളും വിവിധ വകുപ്പുകളുടെ സഹായത്തോടെ പുതുതായി ശേഖരിക്കുന്ന വിവരവും നിർവ്വാഹക സമിതികൾ വഴി ലഭ്യമാകുന്ന വിവരവും ഉപഭോക്താക്കളെ കണ്ടെത്താൻ ഉപയോഗിച്ചിരുന്നു.

വിതരണ ശൃംഖല വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചതിനു ശേഷം മാത്രമേ വൈദ്യുതി കണക്ഷനുള്ള അപേക്ഷകൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇത് സംബന്ധിച്ച അറിയിപ്പ് ഉപഭോക്താക്കൾക്ക് യഥാസമയം നൽകുന്നതാണ്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും അപേക്ഷാ ഫോറവും ലഘൂകരിക്കുന്നതിനുള്ള പ്രൊപ്പോസൽ കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കമ്മീഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് പ്രസിദ്ധീകരിക്കുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | മാർച്ച് 2017ഓടു കൂടി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |

Kemalella

**സെക്ഷൻ ഓഫീസർ**